അതൊന്നും ഇതുവരെ നടപ്പാക്കിയിട്ടില്ല. ഇതുസംബന്ധിച്ച് ഇനിയുമൊരു സബ്മിഷൻ വരുത്താതിരിക്കണമെന്നാണ് ബഹുമാനപ്പെട്ട മന്ത്രിയോട് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

12.02 PM]

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ) : സർ, തൃശ്ശൂർ ജനറൽ ആശുപത്രിയിൽ ആറ് നിലകളുള്ള കെട്ടിടം നിർമ്മിക്കുന്നതിനാവശ്യമായ അടിത്തറ പണിയുകയും 3,45,00,000 രൂപ ചെലവിൽ മൂന്ന് നിലകൾ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ചതുപോലെ അവിടെ ലിഫ്റ്റുകൾ സ്ഥാപിച്ചിട്ടില്ല. അവശേഷിക്കുന്ന മുകനിലകൾ പണിയുന്നതിനും ലിഫ്റ്റുകൾ സ്ഥാപിക്കുന്നതിനുമുള്ള ഭരണാനുമതിക്കായി പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്. 2014-15 സാമ്പത്തിക വർഷത്തിൽ തുകയൊന്നും ലഭ്യമല്ലാതിരുന്നതിനാൽ ആവശ്യമായവ സേവിംഗ്സ് മുഖേന കണ്ടെത്തി സർക്കാരിൽ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടിട്ടുണ്ട്. ഇതുകൂടാതെ 7-7-2014-ൽ ബഹുമാനപ്പെട്ട എം.എൽ.എ.-യുടെ സാന്നിദ്ധ്യത്തിൽ നടന്ന യോഗതീരുമാനത്തിന്റെ അടിസ്ഥാനത്തിൽ അഞ്ച് നിലയ്ക്ക് ആവശ്യമായ ലിഫ്റ്റ് സ്ഥാപിക്കുന്നതിന് പ്രൊപ്പോസൽ സമർപ്പിക്കാൻ ആവശ്യപ്പെട്ടിട്ടുണ്ട്. പ്രസ്തുത പ്രൊപ്പോസൽ ലഭ്യമാകുന്നമുറയ്ക്ക് അടുത്ത സാമ്പത്തിക വർഷാരംഭത്തിൽത്തന്നെ ലിഫ്റ്റ് സ്ഥാപിക്കുന്നതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

12. ജീവനും സ്വത്തിനും സംരക്ഷണം

12.03 PM

ശ്രീ. സി. മോയിൻകുട്ടി : സർ, അത്യന്തം ഗൗരവതരമായൊരു വിഷയമാണ് എനിക്ക് ബഹുമാനപ്പെട്ട വനം വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്താനുള്ളത്. ഒരു ഗവൺമെന്റിന്റെ പ്രാഥമികചുമതല എന്നു പറയുന്നത്, ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകുക എന്നുള്ളതാണ്. എന്റെ നിയോജക മണ്ഡലത്തിലെ മലയോര കുടിയേറ്റ മേഖലയിൽ കഴിഞ്ഞ 6-ാം തീയതി കാട്ടുപന്നി ആക്രമിച്ച് അബ്ദുൾസലാം എന്ന ഒരു ചെറുകിട കർഷകൻ ദയനീയമാംവിധം മരണപ്പെട്ടിരിക്കുകയാണ്. അഞ്ചോളം പട്ടിണിപ്പാവങ്ങൾ ഗുരുതരമായ പരിക്കുപറ്റി മെഡിക്കൽ കോളേജിലെ 19-ഉം 21-ഉം വാർഡുകളിൽ കിടക്കുകയാണ്. മനുഷ്യമാംസം പച്ചയായി കടിച്ചുകീറുകയാണ് ചെയ്തിരിക്കുന്നത്. ഇതുസംബന്ധിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെയും വനംവകുപ്പുമന്ത്രിയുടെയും ശ്രദ്ധയിൽപ്പെടുത്തിയപ്പോൾ 5 ലക്ഷം രൂപ നഷ്ടപരിഹാരം

LIBRARY ARCHIVES Kerala Legislative Assembly

പ്രഖ്യാപിച്ചു. ഈ സംഖ്യ വളരെ പരിമിതമാണ്. പരിക്കേറ്റ അഞ്ചുപേരുടേയും സ്ഥിതി വളരെ ദയനീയമാണ്. മരുന്ന് ലഭ്യമല്ല. തൃശ്ശൂരിൽ നിന്നാണ് മരുന്ന് വരുത്തുന്നത്. മരുന്നിന്റെ ബിൽ ഇ-ഇംപേഴ്സ് ചെയ്യാമെന്ന് ബഹുമാനപ്പെട്ട മന്ത്രിയും കളക്ടറും ഉറപ്പു നൽകിയിട്ടുണ്ട്. പക്ഷേ, അവരുടെ കയ്യിൽ കാശൊന്നുമില്ല. ഈ സ്ത്രീകൾ വീട്ടുപണി എടുത്താണ് ജീവിക്കുന്നത്. ലളിത, ഹസീന, കഞ്ചുമോൾ, വാസു തുടങ്ങിയവരാണ് ആശുപത്രിയിൽക്കിടക്കുന്നത്. കെ.എസ്.ആർ.ടി.സി. ബസ്സോടുന്ന മുത്തപ്പൻവിള പ്രദേശത്ത് നട്ടുച്ചയ്ക്കുപോലും കാട്ടാന ഇറങ്ങുകയാണ്. എല്ലാ അവസരങ്ങളിലും ഞാൻ ഇക്കാര്യം പറയാറുണ്ട്. വളരെ ഗൗരവതരമായൊരു ഇടപെടൽ ഇക്കാര്യത്തിൽ ആവശ്യമാണ്. മനുഷ്യന്റെ ജീവനും സ്വത്തുമാണ് പരമപ്രധാനമായിട്ടുള്ളത്. സാങ്കേതികത്വം പറഞ്ഞുകൊണ്ട് തോക്ക് ലൈസൻസ് കൊടുക്കുന്നത് അനന്തമായി നീട്ടിക്കൊണ്ടുപോകുകയാണ്. നിലനില്പിന് വേണ്ടിയാണ് അവിടെ താമസിക്കുന്ന പാവപ്പെട്ട ആളുകൾ പൊരുതുന്നത്. വളരെ അടിയന്തരമായി തോക്ക് ലൈസൻസ് കൊടുക്കണം. അതുപോലെ സാധാരണക്കാരനായ, ഒരു കർഷകനായിരുന്ന മരിച്ചുപോയ അബ്ദുൾ സലാമിന്റെ കുടുംബത്തിന് നഷ്ടപരിഹാരമായി 5 ലക്ഷം രൂപ പ്രാഥമികമായി പ്രഖ്യാപിച്ചു. ആ തുക പരിമിതമായതിനാൽ 25 ലക്ഷം രൂപയെങ്കിലും നല്കണം. ആക്രമണത്തിനിരയായ ആളുകൾക്ക്, കൂലിപ്പണിക്കാർക്കുൾപ്പെടെ ചികിത്സാ ചെലവും നഷ്ടപരിഹാരവും ഗവൺമെന്റ് നൽകണമെന്ന് വളരെ വിനീതമായി അപേക്ഷിക്കുകയാണ്. അതോടൊപ്പം തോക്ക് ലൈസൻസിന്റെ കാര്യം ഗൗരവമായികാണണം. റാപ്പിഡ് ഫോഴ്സിനെ പുനർവിന്യസിപ്പിക്കണം. ശാശ്വതമായ ഒരു പരിഹാരം ഈ രംഗത്ത് ഉണ്ടാക്കിയാൽ മാത്രമേ അവിടത്തെ ജനങ്ങൾക്ക് പിടിച്ചുനിൽക്കാൻ സാധിക്കൂ. ഇതൊന്നും കയ്യേറ്റ ഭൂമിയല്ല. പട്ടയവും രേഖയുമുള്ള ഭൂമിയിലാണ് ഈ അക്രമം നടക്കുന്നത്. അതിന്റെ ഉത്തരവാദിത്വം ഗവൺമെന്റ് ഏറ്റെടുക്കണം. കാട്ടാനകളുടെയും കാട്ടുപന്നികളുടേയും ശല്യത്തിൽ നിന്നും ഈ പാവപ്പെട്ട ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകുകയും ഇവർക്ക് നൽകുന്ന നഷ്ടപരിഹാരതുക വർദ്ധിപ്പിക്കുകയും ഇവർക്കാവശ്യമായ ചികിത്സയും സാമ്പത്തിക സഹായവും നൽകുകയും ചെയ്യണമെന്നപേക്ഷിക്കുന്നു.

12.06 PM]

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ) : സർ, ബഹുമാനപ്പെട്ട മെമ്പർ ഉന്നയിച്ച പൊതുവികാരത്തോട് ഞാൻ പൂർണ്ണമായും യോജിക്കുകയാണ്. എന്നാൽ ഗവൺമെന്റിന് ചില പരിമിതികളുണ്ട്. ആ പരിമിതികൾക്കുള്ളിൽ നിന്നുകൊണ്ട് പരമാവധിസഹായം നൽകുന്നതിനുള്ള

LIBRARY ARCHIVES Kerala Legislative Assembly

നടപടികളെടുക്കുന്നതാണ്. അദ്ദേഹം ഉന്നയിച്ചതുപോലെ കാട്ടുപന്നിയുടെ ആക്രമണത്തിൽ മരിച്ച ഒരു കുടുംബമുണ്ട്. അത് വളരെ സഹതാപം അർഹിക്കുന്ന ഒരു കേസാണ്. വനം വകുപ്പിൽനിന്നും നേരത്തെ 5 ലക്ഷം രൂപ നഷ്ടപരിഹാരമായി അനുവദിച്ചിരുന്നു. ഇക്കാര്യം ഞാൻ മുഖ്യമന്ത്രിയുമായി സംസാരിച്ചിരുന്നു. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും 5 ലക്ഷം രൂപകൂടി അനുവദിക്കും. അങ്ങനെ ആ കുടുംബത്തിന് 10 ലക്ഷം രൂപ കോമ്പൻസേഷനായി കൊടുക്കുന്നതാണ്. കാട്ടുപന്നിയുടെ ആക്രമണംമൂലം മെഡിക്കൽ കോളേജ് ആശുപത്രിയിൽ ചികിത്സയിലുള്ളവർക്കാവശ്യമായ വൈദ്യസഹായം ചെയ്തുകൊടുക്കുന്നതിന് ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ ചിലനടപടികൾ സ്വീകരിക്കുന്നുണ്ട്. അവരുടെ എല്ലാ ചികിത്സാച്ചെലവുകളും ഗവൺമെന്റ് വഹിക്കുന്നതാണ്. പരമാവധി 75,000 രൂപ കൊടുക്കുന്നതിനാണ് വനം വകുപ്പിന് പെർമിഷനുള്ളത്. അതുകൊണ്ട് അവരുടെ ചികിത്സാ ചിലവുകൾ പ്രസ്തുത തുകയുടെ ലിമിറ്റിൽനിന്നുകൊണ്ട് ചെയ്യുന്നതിനുള്ള നടപടിയാണ് സ്വീകരിക്കുന്നത്. ബഹുമാനപ്പെട്ട മെമ്പർ ഉന്നയിച്ച തോക്കിന് ലൈസൻസ് നൽകുന്നത് സംബന്ധിച്ച് ആഭ്യന്തര വകുപ്പുമന്ത്രി മറുപടി നൽകുന്നതാണ്. ഗവൺമെന്റ് ഓഫ് ഇന്ത്യയുടെ നിബന്ധനകൾക്ക് വിധേയമായി മാത്രമേ തോക്ക് ലൈസൻസ് നൽകാൻ സാധിക്കുകയുള്ളൂ. വന്യമൃഗങ്ങളുടെ ആക്രമണത്തിൽനിന്ന് ജനങ്ങളെ രക്ഷിക്കുന്നതിനുവേണ്ടി ഗവൺമെന്റ് ഒരു നടപടി സ്വീകരിച്ചിട്ടുണ്ട്. അതായത്, പന്നികളെ വെടിവയ്ക്കാനുള്ള അവകാശം, അതിന് വിധേയരാകുന്ന കർഷകർക്ക് നല്കിയിട്ടുണ്ട്. അതുകൊണ്ട് അവർക്കൊരു സെൽഫ് ഡിഫൻസ് എന്നുള്ള നിലയിലും അതോടൊപ്പംതന്നെ ജനങ്ങൾക്ക് സംരക്ഷണം നൽകുന്നതിന്റെ ഭാഗമായി തോക്ക് ഉപയോഗിക്കാനും വെടിവയ്ക്കാനുമുള്ള അവകാശം കൊടുത്തിട്ടുണ്ട്. വനം വകുപ്പ് ഉദ്യോഗസ്ഥരാണ് നിയന്ത്രണം വിട്ടുവന്ന പന്നിയെ അവസാനം വെടിവച്ചുകൊന്നത്. കാട്ടാനശല്യം ഒഴിവാക്കുന്നതിന് എം.എൽ.എ.-മാരുടെ ആവശ്യംകൂടി കണക്കിലെടുത്തുകൊണ്ട് ഫെൻസിംഗിനും കിടങ്ങ് കഴിക്കുന്നതിനും ചുറ്റുമതിൽ കെട്ടുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. 5 ജില്ലകളിൽ ഈ പ്രശ്നമുണ്ട്. അതിനാവശ്യമായ നടപടികൾ എടുക്കുകയാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ രണ്ട് പ്രാവശ്യം ഇതിനെക്കുറിച്ച് ആലോചിക്കുന്നതിനുവേണ്ടി യോഗം ചേർന്നിരുന്നു. മനുഷ്യന്റെ ജീവനും സ്വത്തിനും സംരക്ഷണം കൊടുക്കണമെന്ന് പറഞ്ഞ ശ്രീ. സി. മോയിൻകുട്ടിയുടെ പൊതുവികാരത്തോട് ഞാൻ പൂർണ്ണമായും യോജിക്കുന്നു. അതിന് മനുഷ്യസഹജമായ രൂപത്തിൽ ഗവൺമെന്റിന് ചെയ്യാൻ കഴിയുന്ന എല്ലാ നടപടികളുമെടുക്കുമെന്ന് ഓർമ്മിപ്പിക്കുകയും ചെയ്യുന്നു.

LIBRARY ARCHIVES Kerala Legislative Assembly

12.09 PM]

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല) : സർ, തോക്ക് ലൈസൻസിന്റെ കാര്യത്തിൽ ബഹുമാനപ്പെട്ട വനം വകുപ്പുമന്ത്രിയുമായി സംസാരിച്ചശേഷം നിയമപരമായ നടപടികൾ പൂർത്തീകരിക്കുന്ന മുറയ്ക്ക്, വേഗത്തിൽ തോക്ക് ലൈസൻസ് കൊടുക്കാനുള്ള നിർദ്ദേശം കൊടുത്തിട്ടുണ്ട്.

നിയമപരമായി എല്ലാ കാര്യങ്ങളും സാറ്റിസ്ഫൈ ചെയ്യുന്ന കേസുകളിൽ കാലവിളംബമുണ്ടാകാതെ തോക്ക് ലൈസൻസ് കൊടുക്കാനുള്ള നിർദ്ദേശം കൊടുത്തിട്ടുണ്ട്. വനം വകുപ്പുമന്ത്രി ചൂണ്ടിക്കാണിച്ചതുപോലെ കേന്ദ്ര ഗവൺമെന്റിന്റെ ചില നിർദ്ദേശതത്വങ്ങൾ ഉള്ളതുകൊണ്ടാണ് ഇക്കാര്യത്തിൽ ചില ബുദ്ധിമുട്ടുകൾ ഉണ്ടായിട്ടുള്ളത്. ഇക്കാര്യം കേന്ദ്ര ഗവൺമെന്റിനെ അറിയിക്കുന്നതുമാണ്.

12.10 PM]

VIII മേശപ്പുറത്തുവച്ച കടലാസ്സുകൾ

1. ലിസ്റ്റ് 1 പ്രകാരം

1. മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി) : സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

1. ജി.ഒ.(പി) നമ്പർ 1/2014/പി.എ.ഡി തീയതി 3-2-2014 (എസ്.ആർ.ഒ.നമ്പർ 90/2014) ഡിലേ സ്റ്റേറ്റ്മെന്റ് സഹിതം.
2. ജി.ഒ.(പി) നമ്പർ 12/2014/പി ആന്റ് എ.ആർ.ഡി തീയതി 13-5-2014 (എസ്.ആർ.ഒ.നമ്പർ 335/2014) ഡിലേ സ്റ്റേറ്റ്മെന്റ് സഹിതം.
3. ജി.ഒ. (പി) നമ്പർ 250/2014/ഹോം തീയതി 2-12-2014 (എസ്.ആർ.ഒ. നമ്പർ 783/2014)
4. ജി.ഒ. (എംഎസ്) നമ്പർ 259/2014/ഹോം തീയതി 18-12-2014 (എസ്.ആർ.ഒ.നമ്പർ 792/2014)
5. ജി.ഒ.(എംഎസ്) നമ്പർ 246/2014/ഹോം തീയതി 29-11-2014 (എസ്.ആർ.ഒ.നമ്പർ 814/2014)
6. ജി.ഒ. (ആർറ്റി.) നമ്പർ 3480/2014/ഹോം തീയതി 31-12-2014 (എസ്.ആർ.ഒ.നമ്പർ 2/2015)

LIBRARY ARCHIVES Kerala Legislative Assembly